നം. T8-11225/09
പോലീസ് ആസ്ഥാനം
കേരളം, തിരുവനന്തപുരം
തീയതി : 10 /02/2009

## സർക്കുലർ നം. 9/09

വിഷയം : പോലീസ് സേനയിൽ അഴിമതി നിർമ്മാർജനം ചെയ്യുന്നത് സംബന്ധിച്ച് :-

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡ്യൂട്ടിയിലുള്ള പോലീസുദ്യോഗസ്ഥർ പരസ്യമായി കൈക്കൂലി വാങ്ങിക്കുന്ന വാർത്തകളും ചിത്രങ്ങളും അടുത്തിടെ പുറത്തുവരികയുണ്ടായി. ഈ രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ പോലീസ്‌വകുപ്പിന്റെ സൽപ്പേരിന് കളങ്കം ഉണ്ടാക്കുന്ന മ്ലേച്ഛവും അക്ഷന്തവ്യവുമായ അപരാധമാണ് ചെയ്യുന്നത്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കെതിരായി കടുത്ത നടപടികൾ സ്വീകരിക്കുമെന്ന തീരുമാനം ഇതിനാൽ ഞാൻ എല്ലാവരേയും അറിയിക്കുന്നു.

പൊതുസ്ഥലങ്ങളിൽ വച്ച് പരസ്യമായി അജ്ഞാതരിൽ നിന്ന് കൈക്കൂലി വാങ്ങിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് വഴിയോരങ്ങളിലിരുന്ന് ഭിക്ഷ യാചിക്കുന്നവരുടെ ആത്മാഭിമാനം പോലും ഇല്ല എന്നത് സ്പഷ്ടം. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സഹപ്രവർത്തകരെ കൈയ്യോടെപിടിച്ച് ജോലിയിൽ നിന്ന് പുറത്താക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ് ആത്മാഭിമാനമുള്ള പോലീസുദ്യോഗസ്ഥർ ചെയ്യേണ്ടത്. പോലീസുകാർക്ക് വേണ്ടി സർക്കാരും വകുപ്പും തുടർച്ചയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണങ്ങളും ക്ഷേമനടപടികളും പോലീസ് ഉദ്യോഗസ്ഥർക്ക് വളരെയധികം ആശ്വാസകരമായിതീർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സേനയിലെ ചെറിയ ശതമാനം മാത്രം വരുന്ന കൈക്കൂലിക്കാർ നിർലജ്ജം ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. അവർ യഥാർത്ഥത്തിൽ അവരുടെ സഹപ്രവർത്തകരേയും മേലുദ്യോഗസ്ഥരേയും നിയമവ്യവസ്ഥയേയും അപമാനിക്കുകയാണ് ചെയ്യുന്നത്. ഇത്തരം കാര്യങ്ങൾ പരമ്പരാഗതമായി നടന്നുവരുന്നതാണെന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥർ ഏർപ്പെടുന്നത് പുതിയ കാര്യമല്ലെന്നും മറ്റുമുള്ള തൊടുന്യായങ്ങൾ തികച്ചും അപലപനീയമാണ്.

ആധുനിക സാങ്കേതിക വിദ്യ നാട്ടിലെ കുട്ടികൾക്കുപോലും ചിരപരിചിതമായിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം ഉദ്യോഗസ്ഥരെ കണ്ടുപിടിക്കുന്നതിന് വകുപ്പുതല വിജിലൻസ് പ്രവർത്തനത്തിനു പുറമേ നാട്ടുകാരുടെ

സഹായം കൂടി തേടാൻ വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. അൻപതു ലക്ഷത്തിലധികം മൊബൈൽ ഫോൺ ഡിജിറ്റൽ ക്യാമറകൾ ഇന്ന് കേരളത്തിലുണ്ട്. ഇന്റർനെറ്റ് സൗകര്യവും നാട്ടിൽ എല്ലാ സ്ഥലങ്ങളിലും സുലഭമായിരിക്കുന്നു. പരസ്യമായി പൊതു സ്ഥലങ്ങളിൽ അഴിമതി നടത്തുന്നതായി കാണപ്പെടുന്ന ഏതു പോലീസ് ഉദ്യോഗസ്ഥന്റെയും തൽസമയ അഴിമതി പ്രവർത്തന ദൃശ്യങ്ങൾ കൈവശമുള്ള ഏത് വ്യക്തിക്കും ആ ചിത്രങ്ങളും ദൃശ്യങ്ങളും സംസ്ഥാന പോലീസിന്റെ citizenswatch@keralapolice.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

അങ്ങനെ ലഭിക്കുന്ന പരാതികളിൽ ഒരു വകുപ്പുതല അന്വേഷണം നടത്തുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഒരു പ്രാഥമിക വിശദീകരണം നൽകാൻ അവസരം നൽകുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ അഴിമതി നടന്നിട്ടുണ്ട് എന്ന് വിശ്വസിക്കാൻ തക്ക സാഹചര്യം ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുന്നതും തുടർന്ന് പിരിച്ചുവിടൽ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഈ ഉത്തരവ് എല്ലാ റാങ്കിലുമുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ബാധകമായിരിക്കും.

പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള പരാതി അവാസ്തവമാണെ ങ്കിൽ അക്കാര്യവും ബന്ധപ്പെട്ടവരെ അറിയിക്കുന്നതും പരസ്യപ്പെടുത്തു ന്നതുമാണ്.

പോലീസ് ഡയറക്ടർ ജനറൽ